## റൂളിംഗിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തു വയ്ക്കുന്ന പ്രസ്താവന

മി. സ്പീക്കർ: ഏറെ ചാരിതാർത്ഥ്യത്തോടെയും അതിലേറെ സന്തോഷത്തോടെയും ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു.

നമ്മുടെ നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നില്ല എന്നത് വളരെ വർഷങ്ങളായി ഉയർന്നുവന്നിരുന്ന ഒരു പ്രശ്നമാണ്. സഭയ്ക്കകത്തും പുറത്തും അംഗങ്ങൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകളിലും ഇക്കാര്യം സഗൗരവം ചർച്ച ചെയ്യപ്പെടുകയുണ്ടായെങ്കിലും അതിന്മേൽ ശാശ്വതമായൊരു പരിഹാരം കണ്ടെത്താൻ നമുക്ക് കഴിഞ്ഞിരുന്നില്ല.

സഭയുടെ കഴിഞ്ഞ സമ്മേളന കാലത്തും (പതിനഞ്ചാം സമ്മേളനം) ഇക്കാര്യം വീണ്ടും ഉയർന്നുവന്നതിനെത്തുടർന്ന് ഇക്കാര്യം സമഗ്രമായി അപഗ്രഥനം ചെയ്തുകൊണ്ട് ഒരു റൂളിംഗ് നൽകിയിരുന്നു. ചുവടെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രസ്തുത റൂളിംഗിലൂടെ അന്ന് നൽകിയത്.

I. "സബ്ജക്ട് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന കൃത്യമായി നടക്കുന്നുവെന്നും നിലവിൽ കുടിശ്ശികയായി

അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പുസമ്മേളനം അവസാനിച്ചു കഴിഞ്ഞാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്ട് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട് കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നുവെന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ടുകൾ സഭയുടെ അടുത്ത സമ്മേളനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കുടിശ്ശിക ജോലികളും പൂർത്തീകരിച്ചത് സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻമാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണ്" എന്ന് നമ്മൾ റൂളിംഗിൽ ആവശ്യപ്പെട്ടു. നിയമസഭയിൽ നമ്മൾ പാസ്സാക്കുന്ന നിയമങ്ങളുടെ ചട്ടങ്ങൾ ഉണ്ടാക്കുകയെന്നത് ജനാധിപത്യ പ്രക്രിയയുടെ ഏറ്റവും അടിസ്ഥാനപരമായ ഒരു ദൗത്യമാണ്. ആ ദൗത്യത്തിലുള്ള കുറവിനെ സംബന്ധിച്ചുള്ള സഭയുടെ വികാരം ഉൾക്കൊണ്ടുകൊണ്ടായിരുന്നു ആ റൂളിംഗ് നൽകിയത്.

അതിൻപ്രകാരം ഇന്ന് നമ്മുടെ പതിനാല് സബ്ജക്ട് കമ്മിറ്റികളുടെ അദ്ധ്യക്ഷൻമാരും അതത് സബ്ജക്ട് കമ്മിറ്റികളെ സംബന്ധിക്കുന്ന പ്രസ്താവന ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട പ്രസ്താവനകൾ പരിശോധിച്ചതിൽ ശക്തമായ തുടർനടപടികൾ ആവശ്യമായ വിഷയങ്ങൾ ഇനിയും അവശേഷിക്കുന്നതായി കാണുന്നുണ്ട്. എങ്കിലും അതിന്മേലുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. അതിന്മേലുള്ള തുടർനടപടികൂടി ത്വരിതപ്പെടുത്തണമെന്ന് ഇത്തരുണത്തിൽ ചെയർ നിർദ്ദേശിക്കുകയും ചെയ്യുന്നു.

കേരള നിയമസഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രസ്താവനകളും ബന്ധപ്പെട്ട സമിതി അദ്ധ്യക്ഷൻമാർ സഭയിൽ നൽകുന്നതെന്നത് കേരള നിയമസഭയുടെ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളിൽ തിളക്കമാർന്ന ഒന്നായി കാണാവുന്നതാണ്. 12-06-2019-ലെ റൂളിംഗിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യം പ്രത്യേക അജണ്ട വച്ച് ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്ത എല്ലാ സമിതി അദ്ധ്യക്ഷൻമാരെയും സമിതി അംഗങ്ങളേയും ഉദ്യോഗസ്ഥരേയും ചെയർ ഇത്തരുണത്തിൽ അനുമോദിക്കുന്നു.

തുടർന്നും ഇത്തരത്തിലുള്ള സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നമ്മുടെ സഭാ സമിതികൾ അവരവരുടെ കർമ്മമണ്ഡലങ്ങളിലെ ഉത്തരവാദിത്വം സമയബന്ധിതമായി നിർവ്വഹിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഒരിക്കൽക്കൂടി ബന്ധപ്പെട്ട എല്ലാപേർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.